# സർഗ്ഗം




**എസ്.സി.വി. ഹയർസെക്കൻഡറി സ്കൂൾ**
**കൊറ്റനാട്**




<u>പ്രഥമ അധ്യാപകൻ</u>

## കെ .പി .കലാധരൻ

# കൊറ്റനാട് എസ്.സി.വി.ഹയർസെക്കൻഡറി സ്കൂൾ

മല്ലപ്പള്ളി താലൂക്കിൽ കൊറ്റനാട് പഞ്ചായത്തിൽ അയിരൂർ,അങ്ങാടി പഞ്ചായത്തുകളുടെ അതിർത്തിക്കരികിലാണ് വിദ്യാലയം സ്ഥിതി ചെയ്യുന്നത്. ഏഴ് പതിറ്റാണ്ടുകൾക്ക് മുമ്പ് വിദ്യാഭ്യാസപരമായും സാമ്പത്തികമായും പിന്നോക്ക അവസ്ഥയിലായിരുന്ന ഈ പ്രദേശം. ഈ അവസ്ഥക്ക് പരിഹാരം കാണണമെന്ന് സ്ഥല വാസികൾ ആഗ്രഹിച്ചു. കൊറ്റനാട് എൻ.എസ്.എസ്. കരയോഗ പ്രവർത്തകരുടെ ദർഘ വീക്ഷണത്തോടു കൂടിയുള്ല പ്രവർത്തനത്തിന്റെ ഫലമായാണ് 1954-ൽ ശ്രീചിത്തിര വിലാസം മിഡിൽ സ്കൂൾ സ്ഥാപിക്കപ്പെട്ടത്. 1960-ൽ പ്രൈമറി വിഭാഗവും 1966-ൽ ഹൈസ്കൂളും ഇതിനോടൊപ്പം അനുവദിക്കപ്പെട്ടു. . 2014-ൽ ഹയർസെക്കൻഡറി സ്കൂളായി ഉയർത്തപ്പെട്ടു

നൂറ് ശതമാനം വിജയം

കഴിഞ്ഞ കുറെ വർഷങ്ങളായി എസ്.എസ്.എൽ.സി.പരീഷയിൽ നിരവധി എ പ്ലസുകളോടെ നൂറ് ശതമാനം വിജയം നേടാനായത് മികച്ച നേട്ടമാണ്. ഹയർസെക്കൻഡറി പരീക്ഷയിലും മികച്ച വിജയമാണ് മുൻവർഷങ്ങളിൽ കൈവരിച്ചത്.

എസ്.പി.സി.

സമീപ പഞ്ചായത്തുകളിൽ സ്റ്റുഡന്റ് പോലീസ് കേഡറ്റ് യൂണിറ്റുള്ള ഏക വിദ്യാലയമാണിത്. 2013 മുതൽ യൂണിറ്റ് സ്കൂളിൽ പ്രവർത്തിച്ചുവരുന്നു. കുട്ടികളുടെ അച്ചടക്കം, ആത്മധൈര്യം, കൃത്യനിഷ്ഠ എന്നിവയെല്ലാം സ്വായത്തകമാക്കുകയെന്നതാണ് ലക്ഷ്യം. സ്കൂളിലെ സർവ്വതോന്മുഖമായ പ്രവർത്തനങ്ങൾ സുഗമമാക്കുന്നതിൽ കേഡറ്റുകൾ നിർണായക പങ്ക് വഹിക്കുന്നു.

ലിറ്റിൽ കൈറ്റ്സ്

ആധുനിക കാലഘട്ടത്തിൽ ഐ.ടി മേഖലയ്ക്ക് വലിയ പ്രാധാന്യമാണുള്ളത്. കുട്ടികളിൽ ഐ.ടി.അഭിരുചി വളർത്തുന്നതിനായി നിരവധിയായ പ്രവർത്തനങ്ങളാണ് നടപ്പിലാക്കി വരുന്നത്.

ജൂനിയർ റെഡ് ക്രോസ്

കുട്ടികളിൽ സഹായ സഹവർത്തിത്വ മനോഭാവം,പരസ്പര വിശ്വാസം എന്നിവ വളർത്തിയെടുക്കുക എന്ന ലക്ഷ്യത്തോടെ കൗൺസിലർ ശ്രീ.സി.എൻ.രാജേഷിന്റെ നേതൃത്വത്തിൽ പ്രവർത്തനങ്ങൾ നടത്തിവരുന്നു. ആറ് വർഷമായി സ്കൂളിൽ ഇതിന്റെ പ്രവർത്തനം നടന്നു വരുന്നു.

എൻ.എസ്.എസ്.

വ്യക്തിത്വ വികാസം സാമൂഹിക സേവനത്തിലൂടെ എന്ന ലക്ഷ്യത്തോടെ നാഷണൽ സർവ്വീസ് സ്കീം യൂണിറ്റിന്റെ പ്രവർത്തനം 2015 മുതൽ നടന്നു വരുന്നു. ചുരുങ്ങിയ കാലഘട്ടം കൊണ്ട് തന്നെ സംസ്ഥാനത്ത് ആകെ ശ്രദ്ധ ആകർഷിക്കുന്ന വൈവിധ്യങ്ങളായ പദ്ധതികളുമായി മുന്നോട്ടുപോകുന്നു.

അസാപ്പ്

പാഠപുസ്തകങ്ങളിലെ വിദ്യാഭ്യാസത്തിനൊപ്പം കുട്ടികളിൽ തൊഴിൽ നൈപുണ്യം വളർത്തിയെടുക്കുന്ന പരിശീലന പരിപാടികളുമായി 2017 മുതൽ അഡീഷണൽ സ്കിൽ അക്യുസിഷൻ പ്രോഗ്രാമിന്റെ യൂണിറ്റ് സ്കൂളിൽ പ്രവർത്തിച്ചുവരുന്നു.

# 66-ാം വാർഷികം


എസ്.സി.വി.എച്ച്.എസ്.എസ്. കൊറ്റനാട്
കൂടൊരുക്കാം കൂട്ടുകാർക്കായി...
66-ാം സ്കൂൾ വാർഷികം
സാംസ്ക്കാരിക ഘോഷയാത്ര
NATIONAL


SCVHSS, KOTTANAD

# LITTLE KITEs

ഒരു ലക്ഷത്തിലധികം വിദ്യാർത്ഥി അംഗങ്ങളെ ഉൾക്കൊള്ളുന്ന കൈറ്റിന്റെ സവിശേഷമായ ഒരു സംരംഭമാണ് 'ലിറ്റിൽ കൈറ്റ്സ്' ഐടി ക്ലബ്ബുകൾ. ആനിമേഷൻ, സൈബർ സുരക്ഷ, മലയാളം കമ്പ്യൂട്ടിംഗ്, ഹാർഡ്‌വെയർ, ഇലക്ട്രോണിക്സ് തുടങ്ങി 5 മേഖലകളിൽ വിദ്യാർത്ഥികൾക്ക് തീവ്ര പരിശീലനം നൽകിയ സംസ്ഥാന സർക്കാരിന്റെ പൊതു വിദ്യാഭ്യാസ പുനരുജ്ജീവന ദൗത്യത്തിന്റെ ഭാഗമായ ഹൈ-സ്‌കൂൾ കുട്ടിക്കൂട്ടം പ്രോഗ്രാം ഘടനാപരമായി നവീകരിച്ചു. സ്റ്റുഡന്റ് പോലീസ് കേഡറ്റ്സ് മോഡൽ, അങ്ങനെ 'ലിറ്റിൽ കൈറ്റ്സ് ഐടി ക്ലബ്ബുകളായി' മാറുന്നു. രാജ്യത്തെ ഏറ്റവും വലിയ സ്റ്റുഡന്റ് ഐടി നെറ്റ്‌വർക്കായി ലിറ്റിൽ കൈറ്റ്സ് ഒരുങ്ങുന്നു.

ബഹു. മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ ഈ സവിശേഷ സംരംഭം 2018 ജനുവരി 22 ന് തിരുവനനാഥപുരത്ത് ആരംഭിച്ചു. ഇതിനകം തിരിച്ചറിഞ്ഞ 5 കോർ ഏരിയകൾക്ക് പുറമേ, മൊബൈൽ ആപ്ലിക്കേഷനുകളുടെ വികസനം, പ്രോഗ്രാമിംഗ്, റോബോട്ടിക്സ്, ഇ-കൊമേഴ്സ്, ഇ-ഗവേണൻസ്, വീഡിയോ ഡോക്യുമെന്റേഷൻ, വെബ് ടിവി മുതലായ കൂടുതൽ വിഷയങ്ങൾ 'ലിറ്റിൽ കൈറ്റ്സ്' ആക്ടിവിറ്റി പൂച്ചെണ്ടിലേക്ക് ചേർത്തു.

# വിദ്യാഭ്യാസം

തിരക്കേറിയ നവയുഗം. പരസ്പരം പുഞ്ചിരിക്കാൻ പോലും സമയില്ലാത്ത ആളുകൾ . എല്ലാവരുംപണം

സമ്പാദിക്കുനുള്ള തത്രപാടിലാണ്. അതിലൂടെ ജീവിതം സുഗമാക്കാനുള്ളഓട്ടത്തിലും . പണത്തിനായി നല്ല
ഒരു ജോലിവേണം നല്ല ജോലിക്കായി നല്ല വിദ്യാഭ്യസവും ഇവ മൂന്നും അറുത്തുമാറ്റാൻ കഴിയാത്ത ഒരു

ചങ്ങലയിലെ കണ്ണികളാണ്. ഇവയിൽ എതെങ്കിലുമൊന്ന് മുറയ്ക്കപ്പെടുമ്പോഴാണ്

ജീവിതം ദുരിതപൂർണ്ണമെന്ന് നാം വിശേഷിയ്പ്പിയ്ക്കുന്നത്. നല്ല വിദ്യാഭ്യാസമാണ്

ഇതിന്റെ അടിത്തറ .
അടിത്തറ ദ്രുഢമല്ലെങ്കിൽ ഏത് വീടും മറ്റ് വസ്തുക്കളും നിമിഷങ്ങൾക്കുള്ളിൽ താഴെ വീഴുമ്പോലെയാണ്

ജീവിതത്തിൽ വിഹദ്യാഭ്യാസത്തിന്റെ പ്രാധാന്യം . വിദ്യ എന്നാൽ അറിവാകുന്നു. ആ അറിവാണ് നമ്മുടെ

ജീവിത വെളിച്ചം . വിദ്യ അഭ്യസിക്കുന്നതിനായി വിദ്യാലയങ്ങളും വിദ്യ

പകരുന്നതിനായി അദ്യാപകരുമുണ്ട് എന്നാൽ ആ വിദ്യ നാം പ്രാപ്തമാകണം .

വിദ്യയാണ് ഏറ്റവും വലിയ ധനം എന്ന് മഹാത്മാക്കൾ പറഞ്ഞിട്ടുണ്ട്. ഭാരതത്തിൽ ഒരു ഘട്ടം വരെ നിലനിന്നിരുന്ന അസമത്ത്യങ്ങൾക്കെല്ലാം ഒരവസാനമുണ്ടായത്

ആളുകൾക്ക് വിദ്യാഭ്യാസം ലഭിച്ചപോഴാണ് ഗാന്ധിജിയും , നെഹ്റുവും , വിവേകാന്ദസാമികളും മറ്റേതിനെക്കാളും ധീരന്മാരും തങ്ങളും ജ്ഞാനം

മറ്റുള്ളവരിലെക്ക് പകർന്നുകൊടുക്കുന്നവരാണ് മലയാളഭാഷയെ തന്നെ ' എഴുത്തച്ഛൻ

' തന്റെ ലളിതമായ കവിതകൾ കൊണ്ട് മലയാളത്തിന് ഏറെ സംഭാവനകൾ

നൽകിയ ' കുഞ്ഞുണ്ണി' ' മാഷ് അങ്ങനെ എത്ര പേർ .

എത്ര ഇരുണ്ട രാത്രിയെങ്കിലും പറ്റേന്ന് പുലർച്ചെ , സൂര്യൻ ഇരുട്ടിന്റെ പുകമറ നീക്കിപുറ്ത് വന്ന് വെളിച്ചം പകരുമ്പോലെ ജ്ഞാനത്തിന്റെകരുത്തപാളിയിൽനിന്നും

ജ്ഞാനം പ്രകാശം പരത്തും എന്ന അടിയുറച്ച വിശ്വസിച്ചവരാണവർ , അക്ഷരങ്ങളും

അക്കങ്ങളുമാണ്. മനുഷ്യന്റെ രണ്ടു കണ്ണുകളാണ് എന്ന് അറിവുള്ളവർ

പറഞ്ഞുകേട്ടിട്ടുണ്ട്. വിദ്യഭ്യാസം നേടുന്നതിൽ വായനയുടെ പങ്ക് എടുത്തു

പറയേണ്ടിയിരിക്കുന്നു. അക്ഷരം അറിവാണ്, അറിവ് വെളിച്ചവും സ്വമി വിവേകാനന്ദന്റെ ഈ വരികൾ അജ്ഞതയുടെ അന്ധകാരം നിറഞ്ഞ ഈ

ലോകത്തിന് ഒരു പുതിയ പാഠമാണ് നൽകിയത്. ഇരുട്ടിൽ നമ്മുക്ക് മുന്നോട്ട്

*നീങ്ങണമെങ്കൽ വെളിച്ചം അറിവാണ് അത് നേടണമെങ്കിൽ അക്ഷരം പഠിച്ചേപറ്റൂ എന്നാണ് സ്വാമി വിവേകാനന്ദൻ പറഞ്ഞിട്ടുള്ളത്. അക്ഷരം എന്ന ശബ്ദത്തിന് നാശമില്ലാത്തത് എന്നർതാഥമുണ്ട്. മറ്റൊരുതരത്തിലും ആ പദത്തെ വ്യാഖ്യാനിയ്ക്കാം 'ക്ഷം' എന്ന ശബ്ദത്തിന് നാരം എന്നർത്ഥമുണ്ട്. അപ്പോൾ 'അക്ഷം' എന്നത് നാശമില്ലാത്തത് അഥവാ അലനശ്വരമായത് എന്നർത്ഥം. 'രം' എന്നതിന് പ്രകാശമെന്നാണർത്ഥം . അപ്പോൾ 'അക്ഷരം' എന്നാണ് സ്വാമി വിവേകാനന്ദൻ സാക്ഷ്യപ്പെടുത്തുന്നത്. ലളിതമായ ശൈലികൾ കൊണ്ട് മലയളഭാഷയ്ക്ക് പുതുസംഭാവനകൾ നൽകിയത്*
*കുഞ്ഞുണ്ണി മാഷിന്റെ ലളിതമായ ശൈലിയിൽ പറഞ്ഞാൽ വായിച്ചാൽ വളരും വായിച്ചില്ലെങ്കിൽ വളയും*
*എന്ന് കേട്ടിട്ടില്ലെ കൂട്ടുകാർ. ഭാവിയിൽ എഞ്ചിനിയറും ഡോക്ടറും ഒക്കെ ആവണമെങ്കിൽ വിദ്യാഭ്യാസം വേണം. പണ്ട് വിദ്യാലയങ്ങൾ ഇല്ലാത്ത കാലത്തും ആളുകൾ വിദ്യപഠിക്കുവാൻ വിരളമായാണ് പോയിരുന്നത് എന്നാൽ ഇന്ന് ഭാരതത്തിൽ വിദ്യാലയങ്ങളും , അധ്യാപകരും , കുട്ടികളും അധികമാണ്.*
കമ്പ്യൂട്ടറിന്റേയും മറ്റും ലോകങ്ങളിലാണ്.ഇന്നവർക്ക് പഠനമെന്നോ പരീക്ഷയെന്നോ ചിന്തയില്ല.അവർ അവരുടെ കളിയുടേയും മറ്റ് ലോകങ്ങളിൽമാത്രമാണ് പഠിക്കണം എന്ന് നിരന്തരം പറയുന്ന അധ്യാപകരേയും മാതാപിതാക്കളേയും അവരിന്ന് വൈരാഗ്യത്തിന്റെ കണ്ണുകളിലൂടെയാണ് നോക്കിക്കാണുന്നത്. എന്നാൽ
*ഇവർക്കൊക്കെ ഇടയിലും തന്റെ കുടുബത്തിന്റെ സാഹചര്യം മനസിലാക്കി. പരിസ്ഥിതികൾ അസുഹമായാലും മനസ്സിന്റെ ധൈര്യം കൊണ്ടും ഉറച്ച വിശ്വാസം കൊണ്ടും പഠിച്ച് നല്ലനിലയിലേക്ക്പറന്നുയരുന്നവരും ഉണ്ട് അതിനൊരുഉദാഹരണമാണ് ശ്രീധന്യാസുരേഷ് കൂടാതെ മറ്റനേകം പേരും. തങ്ങളുടെ മോശമായ പരിസ്ഥിതികളെ അവഗണിച്ച് പരിശ്രമത്തിലൂടെ വിജയം കൈവരിച്ചവർ. അവരെ പ്പൈലെ നമ്മുക്കും കഴിയും നാം പരിശ്രമിച്ചാൽ. ക്ലാസ്സ് മുറികളിൽനിന്നും പുസ്തകതാളുകളിൽനിന്നും മാത്രമല്ല പ്രകൃതിയിൽ നിന്നും അറിവിന്റെ അക്ഷരജ്ഞാനത്തിലേക്ക് ഇറങ്ങിച്ചെല്ലാൻ നമ്മുക്ക്സാധിച്ചാൽ ഉറപ്പായും നാം വിജയം കൈവരിയ്ക്കും. അതിനായി നമ്മുടെ നിരന്തരപരിശ്രമമാണ് ആവശ്യം. അറിവിന്റെ മൂല്യബോധമുള്ള ഒരു ജനതയെ വാർത്തെടുക്കാൻ നമ്മുക്ക്. സാധിയ്ക്കണം അതിലൂടെ നാം നമ്മുടെ ബാരതത്തിന്റെ കീർത്തി ഉയർത്തണം. അത് സ്വപ്നമായല്ല സാക്ഷ്യാത്കരിയ്ക്കപ്പെടണം.*

# യുവജനോത്സവം





